# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3331    19.06.2018 ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ ബസ് ഡ്രൈവർമാർക്ക് ബോധവത്കരണ ക്ലാസ്സ്</u>**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂൾ ബസ്സുകളുടെ ഡ്രൈവർമാർക്കെല്ലാം ഗതാഗത വകുപ്പ് ബോധവത്കരണ ക്ലാസ്സ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ഉണ്ട്, സ്കൂൾകുട്ടികളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് എല്ലാ അദ്ധ്യയന വർഷത്തിന്റെയും ആരംഭത്തിൽ സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർ മാർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. |
| (ബി) | ഈ അദ്ധ്യയനവർഷം എല്ലാ സ്കൂൾ ബസ്സുകളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) യും (സി) യും | ഉണ്ട്. വാഹനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് അദ്ധ്യയന വർഷത്തിന്റെ ആരംഭവുമായി ബന്ധപ്പെട്ട് പ്രത്യേക ഫിറ്റ്നസ് പരിശോധനകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച്, സ്കൂൾ വാഹനങ്ങൾ, കുട്ടികളെ കയറ്റി വരുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ, ഓട്ടോറിക്ഷകൾ എന്നിവ പരിശോധിക്കുന്നതിനും, അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും ഓട്ടോറിക്ഷകളുടേയും, സ്കൂൾ വാഹനങ്ങളുടേയും പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | സ്കൂൾ കുട്ടികളെ അനധികൃതമായി ബസ്സുകളിലും കാറുകളിലും ഓട്ടോറിക്ഷ കളിലും കുത്തിനിറച്ചുകൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ